# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നം.T- 621 09.07.2013 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>,, കെ.കുഞ്ഞിരാമൻ(ഉദുമ):<br>,, എസ്.ശർമ്മ: | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രത്യേക നഷ്ട പരിഹാര പാക്കേജ് വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ആസൂത്രണ കമ്മീഷൻ അംഗീകരിക്കുകയുണ്ടായോ; വിശദമാക്കാമോ; | (എ) | കേന്ദ്ര ആസൂത്രണ കമ്മീഷന് എൻഡോസൾഫാൻ പാക്കേജ് പ്രൊപ്പോസൽ അയച്ചു കൊടുത്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഒരു തീരുമാനവും കേന്ദ്ര ആസൂത്രണ കമ്മീഷനിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | മനുഷ്യാവകാശ കമ്മീഷൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായം ഉറപ്പാക്കിയിട്ടുണ്ടോ; | (ബി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷൻ 31.12.2010 ൽ നടത്തിയ ശുപാർശ ചുവടെ ചേർക്കുന്നു.<br>1. എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്കും പൂർണ്ണമായി കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും 5 ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ വീതവും സംസ്ഥാന സർക്കാർ നൽകണം. ഡോക്ടർമാരുടെ പാനൽ രോഗികളെ പരിശോധിച്ച് ശാരീരിക വൈകല്യങ്ങൾക്കനുസരിച്ച് രോഗാവസ്ഥ കണക്കിലാക്കി കാറ്റഗറി തിരിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ആവശ്യമായ ധനസഹായം നൽകേണ്ടതാണ്.<br>2. പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ മൂലം |

| | | | |
|---|---|---|---|
| | | | ദുരിതമനുഭവിക്കുന്നവരെ കണ്ടെത്താൻ സർവേ നടത്തേണ്ടതാണ്.<br>3.എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുവേണ്ടി കൂടുതൽ നടപടികൾ സ്വീകരിക്കണം.<br>4. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിവരുന്ന ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.<br><br>കേന്ദ്രസർക്കാരിന് ഇത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതു വരെയും കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. 18.06.2013 ന് പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ഇക്കാര്യം ചർച്ച ചെയ്യാൻ പ്രധാനമന്ത്രിയുടെ ഓഫീസിൽ ഒരു മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത മീറ്റിംഗിൽ വീണ്ടും വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നഷ്ടപരിഹാര പാക്കേജ് എന്നു മുതൽ നടപ്പിൽ വരുത്താൻ സാധ്യമാകുമെന്ന് വിശദമാക്കാമോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | ദുരിതബാധിതരെ കണ്ടെത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>ദുരിതബാധിതരെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ ഇതുവരെ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ വിദഗ്ധ ഡോക്ടർമാർ ഉൾപ്പെട്ട ഡോക്ടർമാരുടെ പാനലാണ് ദുരിതബാധിതരെ കണ്ടെത്തുന്നത്. ഇത്തരം മെഡിക്കൽ ക്യാമ്പുകളിൽ കൂടി കണ്ടെത്തിയ 5500 പേരെയാണ് നിലവിലുള്ള ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഇതുവരെയായി പട്ടികയിൽ ഉൾപ്പെടാത്ത എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2013 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ സ്പെഷ്യലിസ്റ്റ് |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>2011 മാർച്ച് വരെയുള്ള മെഡിക്കൽ ക്യാമ്പിൽ നിന്നും 4182 പേരാണ് പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. പ്രസ്തുത പട്ടിക പ്രതിമാസ പെൻഷൻ നൽകുന്നതിനായി രോഗാവസ്ഥ കണക്കിലാക്കി 3 കാറ്റഗറികളായി തരം തിരിച്ചിട്ടുണ്ട്.<br>1) പൂർണ്ണമായും കിടപ്പിലായവർ<br>2) കിടപ്പിലല്ലെങ്കിലും പരസഹായം കൂടാതെ ചലിക്കാൻ പറ്റാത്തവർ<br>3)മറ്റു രോഗികൾ<br>ഇവരിൽ ആദ്യ 2 കാറ്റഗറികളിൽ ഉൾപ്പെട്ടവർക്ക് 2000 രൂപയും മറ്റു രോഗികൾക്ക് 1000 രൂപയും പ്രതിമാസ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നൽകി വരുന്നുണ്ട്.<br>2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്ന് കണ്ടെത്തിയിട്ടുള്ള 1318 പേരുടെ കാര്യത്തിൽ രോഗാവസ്ഥ കണക്കിലാക്കി കാറ്റഗറി തിരിക്കുന്ന പ്രവൃത്തി ഡോക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരികയാണ്.<br>പൂർണ്ണമായും കിടപ്പിലായവർ - 197<br>ബുദ്ധിമാന്ദ്യം സംഭവിച്ചവർ - 902<br>മറ്റ് ശാരീരിക വൈകല്യമുള്ളവർ - 783<br>ക്യാൻസർ രോഗികൾ - 164 |

സെക്ഷൻ ഓഫീസർ

| ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചതിന്റെ സ്റ്റേറ്റ്മെന്റ് | | | | |
|---|---|---|---|---|
| വിവരങ്ങൾ | | | | തുക(കോടിയിൽ) |
| 4182 പേരുടെ ലിസ്റ്റിൽ നിന്നും നഷ്ടപരിഹാരത്തിനായി ചെലവാക്കിയ തുക | | | | |
| ക്രമ നം. | കാറ്റഗറി | ആകെ എണ്ണം x തുക | ആകെ (കോടിയിൽ) | |
| 1 | പൂർണ്ണമായും കിടപ്പിലായവർ | 185 x 1.5 ലക്ഷം | 2.7750 | |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 796 x 1.5 ലക്ഷം | 11.9400 | |
| 3 | മറ്റു ശാരീരിക വൈകല്യമുള്ളവർ | 632 x 1 ലക്ഷം | 6.3200 | |
| 4 | ക്യാൻസർ രോഗികൾ | 164 x1 ലക്ഷം | 1.6400 | 22.6750 |
| ആകെ തുക | | | | 22.6750 |
| 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടന്ന ക്യാമ്പിൽ നിന്ന് തെരഞ്ഞെടുത്ത 1318 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അനുവദിച്ച ധനസഹായ സ്റ്റേറ്റ്മെന്റ് | | | | |
| ക്രമ നം. | കാറ്റഗറി | ആകെ എണ്ണം x തുക | ആകെ (കോടിയിൽ) | തുക (കോടിയിൽ) |
| 1 | പൂർണ്ണമായും കിടപ്പിലായവർ | 12 x 1.5 ലക്ഷം | 0.1800 | |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 106 x 1.5 ലക്ഷം | 1.5900 | |
| 3 | മറ്റു ശാരീരിക വൈകല്യമുള്ളവർ | 151 x 1 ലക്ഷം | 1.5100 | 3.2800 |
| ആകെ തുക | | | | 3.2800 |
| | | | | |
| അംഗീകരിച്ച എൻഡോസൾഫാൻ ബാധിതർക്ക് നൽകിയ മൊത്തം തുക | | | | 29.9550 |
| മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് അനുവദിച്ച തുക | | | | |
| | | | എണ്ണം & തുക | തുക (കോടിയിൽ) |
| | | | 602 x1.5 ലക്ഷം | 9.0300 |
| | | | ആകെ തുക | 9.0300 |

സെക്ഷൻ ഓഫീസർ